പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 228 | 06.01.2014 ൽ മറുപടിക്ക്

## എ. ടി. എം. കൗണ്ടറുകളിലെ സുരക്ഷാ സംവിധാനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) എ.ടി.എം. കൗണ്ടറുകളിൽ സുരക്ഷാ സംവിധാനം ഏർപ്പെടുത്തുന്നതിനു വേണ്ടി ബാങ്കുകൾക്ക് ആഭ്യന്തരവകുപ്പ് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ ;<br>(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (എ) യും (ബി) യും | ഉണ്ട്. എ.ടി.എം. കൗണ്ടറുകളിൽ സുരക്ഷാ ജീവനക്കാരെ നിയമിക്കണമെന്നും നിലവാരമുള്ള ക്യാമറകൾ സ്ഥാപിക്കണമെന്നും എല്ലാ ബാങ്ക് അധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ എ.ടി.എം. സെന്ററിൽ എ.ടി.എം. കാർഡ് ഉപയോഗിച്ച് മാത്രം ഉള്ളിലേക്ക് പ്രവേശിക്കാവുന്ന രീതിയിലുള്ള ഡോറുകൾ സ്ഥാപിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനു പുറമേ അതാത് പ്രദേശത്തെ പോലീസ് സ്റ്റേഷനുകളിൽ നിന്നും എ.ടി.എം. കൗണ്ടർ സ്ഥിതി ചെയ്യുന്ന സ്ഥലങ്ങളിലേക്ക് മൊബൈൽ പട്രോളും ബീറ്റും സ്ഥിരമായി സന്ദർശനം നടത്തണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) എ.ടി.എം. കൗണ്ടറുകളിൽ കവർച്ചയും എ. ടി . എം. - ൽ പണമെടുക്കുവാൻ വരുന്നവരെ ആക്രമിച്ച് പണാപഹരണം നടത്തുകയും ചെയ്യുന്ന സംഭവങ്ങളുടെ വെളിച്ചത്തിൽ എല്ലാ എ. ടി . എം. കൗണ്ടറുകളിലും, സുരക്ഷാ ജീവനക്കാരെ നിയോഗിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ? | (സി) | സുരക്ഷാ ജീവനക്കാരെ നിയോഗിക്കാൻ ബാങ്ക് അധികാരികളോട് നിർദ്ദേശിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ